**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2136** **09-12-2022 - ൽ മറുപടിയ്ക്ക്**

**വിനോദ യാത്ര പോകുന്ന വാഹനങ്ങളുടെ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് വിനോദയാത്ര പോകുന്ന വാഹനങ്ങളുടെ പരിശോധനയ്ക്കായി സർക്കാർ സ്വീകരിച്ച പുതിയ നടപടിക്രമങ്ങൾ വിശദമാക്കുമോ? | (എ) | സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിനോദയാത്രയ്ക്ക് പോകുന്ന വാഹനങ്ങളുടെ പരിശോധന സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് നൽകിയ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(1) വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിനോദയാത്രയ്ക്കായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ വിശദാംശങ്ങൾ വിനോദയാത്രാ തീയതിക്ക് മുൻപ് 7 ദിവസത്തിനകം സംസ്ഥാനത്തെ ഏതെങ്കിലും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുമ്പാകെ സമർപ്പിക്കാവുന്നതാണ്.<br><br>(2) വിനോദയാത്ര ആരംഭിക്കുന്നതിന് മുൻപ് 7 ദിവസത്തിനകം വാഹന ഉടമയുടെ/ ഡ്രൈവറുടെ സൗകര്യപ്രകാരം സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിന്റെ ഏത് ഓഫീസിൽ വേണമെങ്കിലും വാഹനം പരിശോധനയ്ക്കായി ഹാജരാക്കാവുന്നതാണ്.<br><br>(3) വാഹന പരിശോധനയ്ക്ക് ശേഷം ഇത് സംബന്ധിച്ച് ഗതാഗത കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും നൽകിയ പ്രൊഫോർമയിൽ വാഹനം പരിശോധിച്ചത് സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കി ഒരു പകർപ്പ് വാഹന ഉടമയ്ക്ക്/ ഡ്രൈവർക്കു നൽകേണ്ടതും ഓരോ പകർപ്പുകൾ ഓഫീസ് മേധാവിയും വാഹന പരിശോധന നടത്തിയ ഉദ്യോഗസ്ഥനും കൈവശം വയ്ക്കേണ്ടതുമാണ്.<br><br>(4) വിനോദയാത്രയ്ക്ക് പോകുന്ന വാഹനത്തിന്റെ ഡ്രൈവർ മേൽ റിപ്പോർട്ട് കൈവശം വയ്ക്കേണ്ടതും ഉദ്യോഗസ്ഥരുടെ ആവശ്യപ്രകാരം റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്. വാഹന പരിശോധനയിൽ വാഹന ഉടമയെ/ ഡ്രൈവറെ അനാവശ്യമായി ബുദ്ധിമുട്ടിക്കുവാൻ പാടുള്ളതല്ല. |

| | | | |
|---|---|---|---|
| | | | (5) ഒരു സ്കൂൾ അധികാരിയുടെ അപേക്ഷയിന്മേൽ തയ്യാറാക്കിയ ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രസ്തുത തീയതിയിലെ വിനോദയാത്രയ്ക്ക് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. |

സെക്ഷൻ ഓഫീസർ